(ബി) നിലവിലുള്ള രീതിയിൽ പ്രവൃത്തി നടത്തുന്നതിന് നാട്ടുകാരുടെ ഭാഗത്തു നിന്നും തടസ്സം ഉണ്ടായതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു

(സി & ഡി) റോഡിന്റെ വീതി കൂട്ടുന്നതിനായി സ്ഥലം ഫ്രീ സറണ്ടർ ആയി ലഭിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരൻ നിലവിലുള്ള നിരക്കിനേക്കാൾ ഉയർന്ന റേറ്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമോയെന്നുള്ള കാര്യം പരിശോധനയിലാണ്.

ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം ലഭ്യമാക്കുന്നത്

167(2808) ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-പാലക്കാട് റോഡിൽ കൊണ്ടോട്ടി പഴങ്ങാടി ഭാഗത്തെ റോഡ് വീതി കൂട്ടുന്നതിനായി എടുത്ത ഭൂമിയുടെ നഷ്ടപരിഹാരം ലഭ്യമാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഭരണാനുമതി എൽ.എ.2/50185/2010 തീയതി 1-10-2015-ന് മലപ്പുറം ജില്ലാ കളക്ടറുടെ കത്ത് സഹിതം ചീഫ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അയച്ചതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി) നഷ്ടപരിഹാരം ലഭിക്കാനുള്ളവർക്ക് ആയത് നൽകാനുള്ള ഫണ്ട് അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കോഴിക്കോട്-പാലക്കാട് റോഡിൽ കൊണ്ടോട്ടി പഴയങ്ങാടി ഭാഗത്തെ റോഡ് വീതി കൂട്ടുന്നതിനായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നല്കുന്നതിനായി 34.04 ലക്ഷം രൂപ അനുവദിക്കണമെന്ന മലപ്പുറം ജില്ലാ കളക്ടറുടെ ശിപാർശ ചീഫ് എഞ്ചിനീയർ (നി.പാ) സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 16.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നേരത്തെ തന്നെ അനുവദിച്ചിട്ടുള്ളതാണ്. കൂടുതലായി ആവശ്യമുള്ള 17.54 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

കാസർഗോഡ് പെരിയയിൽ റസ്റ്റ്ഹൗസ്

168(2809) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന്റെ ഭാഗമായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നമ്പർ 10912/ഇ 3/2013/PWD. നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആയതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

169(2810) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തികളിന്മേൽ പൊതുമരാമത്ത് നിരത്ത്-കെട്ടിട വിഭാഗങ്ങൾ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച പദ്ധതികളുടെയും പൊതുമരാമത്ത് നിരത്ത്-കെട്ടിട വിഭാഗങ്ങൾ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 1- ഉം 2- ഉം ആയി ചേർത്തിരിക്കുന്നു.*

മായന്നൂർ-കത്താമ്പുള്ളി റോഡും പാലവും നിർമ്മാണ പദ്ധതി

170(2811) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ മായന്നൂർ- കത്താമ്പുള്ളി റോഡും പാലവും നിർമ്മാണ പദ്ധതിക്ക് മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നോ എന്നറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly